പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4083</u> — <u>24.06.2019-ൽ മറുപടിയ്ക്ക്</u>

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണം

**ചോദ്യം**

**ശ്രീ.എം. സ്വരാജ്**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വീട് നിർമ്മിക്കുന്നതിനും സ്ഥലം വാങ്ങുന്നതിനുമായി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികവർഗ്ഗക്കാർക്കായി വീട് നിർമ്മിക്കുന്നതിനായി 485.295 കോടി രൂപയും, ഭൂമി വാങ്ങി നൽകുന്നതിനായി 30.22 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| ബി) | ഇതിലേയ്ക്കായി ലൈഫ് മിഷൻ പദ്ധതിയിൽ എത്ര തുക വകയിരുത്തി എന്ന് അറിയിക്കുമോ; | ബി) | 2017-18, 2018-19 സാമ്പത്തിക വർഷം വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽ യഥാക്രമം 153.40 കോടി രൂപയും, 143.90 കോടി രൂപയും വകയിരുത്തിയിരുന്നു. ലൈഫ് മിഷൻ പദ്ധതിക്കായി പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല. മേൽ തുകയിൽ നിന്നും ലൈഫ് മിഷൻ പദ്ധതിക്കായി 117.24 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>2019-20 സാമ്പത്തിക വർഷം ലൈഫ് മിഷൻ പദ്ധതി പ്രകാരം പുതിയ വീടുകളുടെ നിർമ്മാണത്തിനായി 102 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| സി) | പ്രസ്തുത ഭവനങ്ങളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ? | സി) | വിവിധ ഘട്ടങ്ങളായി പണി പുരോഗമിച്ചു വരുന്ന ഭവനങ്ങളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു |

Hari

**സെക്ഷൻ ഓഫീസർ**